Ref: 3414 /K-5/KCBC/OL/DS 24.12.2020

# 2021 ജനുവരി 15 കർഷകദിനം
## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയമുള്ളവരേ,

രാജ്യത്തിന്റെ നട്ടെല്ലാണ് കർഷകർ. പാടത്തും പറമ്പിലും രാപകലില്ലാതെ അദ്ധ്വാനിക്കുന്ന കർഷകന്റെ വിയർപ്പിന്റെ ഫലമാണ് അന്നം. വ്യക്തികളും കുടുംബങ്ങളും രാഷ്ട്രം മുഴുവനും കർഷകരോടു കടപ്പെട്ടിരിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ആഹരിച്ച് ലഭിക്കുന്ന ഊർജ്ജത്തിന്റെ പിൻബലമില്ലാതെ ഒരു വ്യവസായവും ഒരു വികസനവും സാധ്യമല്ല. ദൈവത്തെപ്പോലും ഒരു പ്രാപഞ്ചിക കർഷകനായി ചിത്രീകരിക്കുന്ന 65-ാം സങ്കീർത്തനം ഫലത്തിൽ, കാർഷികവൃത്തിയുടെ ദൈവികഭാവത്തെയാണ് വെളിപ്പെടുത്തുന്നത്.

അടുത്തകാലത്ത് കേന്ദ്ര സർക്കാർ കാർഷികമേഖലയിൽ കൊണ്ടുവന്ന പുതിയ നിയമങ്ങൾ ഈ രാജ്യത്തെ സാധാരണ കർഷകനുമേൽ കനത്ത പ്രഹരമാണ് ഏല്പിച്ചിരിക്കുന്നത്. കൃഷി വിശുദ്ധമായ ഒരു ജീവിതവൃത്തിയായി കണക്കാക്കുന്ന കോടിക്കണക്കിന് മനുഷ്യരുള്ള ഈ രാജ്യത്തിന്റെ ഭരണകർത്താക്കൾ രാജ്യത്തിന്റെ കാർഷിക പാരമ്പര്യത്തെ കോർപ്പറേറ്റ് വ്യവസായ ഭീമൻമാർക്ക് തീറെഴുതിക്കൊടുക്കാനുള്ള ശ്രമമാണ് ഈ പുതിയ നിയമങ്ങൾ പ്രഖ്യാപിക്കുകവഴി നടത്തിയത്.

അന്നമുണ്ടാക്കുന്നവരുടെ അന്നംമുട്ടിക്കാനുള്ള ശ്രമങ്ങൾക്കെതിരെ രാജ്യമെമ്പാടുമുള്ള കർഷകജനത ഉണർന്നെഴുന്നേല്ക്കുന്നതിന്റെ ചിത്രമാണ് ഇക്കഴിഞ്ഞ നാളുകളിൽ ഡൽഹിയിൽ നാം കണ്ടത്. സംഘടിക്കാനും സമരം ചെയ്യാനും സമയമില്ലാത്ത കർഷകർ, കൃഷിയിടങ്ങൾ വിട്ട് തെരുവീഥികളിലേക്കിറങ്ങിയത് നിശബ്ദരായിരുന്നാൽ നിലനില്പുതന്നെ അപകടത്തിലാകുമെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. നിരവധി സ്വതന്ത്രകർഷകസംഘടനകളുടെ കൂട്ടായ്മയാണ് ഈ സമരത്തെ നയിച്ചത്. അസംഘടിതരായ കർഷകർ തങ്ങൾ സംഘടിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകഴിഞ്ഞു.

നിശബ്ദമായി അദ്ധ്വാനിക്കുന്ന കർഷകന്റെ ശബ്ദമാകാൻ രണ്ട് പതിറ്റാണ്ടു മുമ്പ് സ്ഥാപിതമായ കർഷകസംഘടനയാണ് ഇൻഫാം. കർഷകരോടൊപ്പം നിന്ന് കർഷകരുടെ പ്രശ്നങ്ങൾ സർക്കാരുകളുടെ ശ്രദ്ധയിൽ പെടുത്താനും കർഷകർക്കനുകൂലമായ നിരവധി തീരുമാനങ്ങൾ നേടിയെടുക്കാനും കഴിഞ്ഞ കാലങ്ങളിൽ ഇൻഫാമിന് കഴിഞ്ഞിട്ടുണ്ട്. രാജ്യമെമ്പാടുമുള്ള കർഷകജനത സംഘടിക്കാനും ഒന്നിച്ച് നിന്ന് അവകാശങ്ങൾക്കുവേണ്ടി പോരാടാനും സന്നദ്ധരായിരിക്കുമ്പോൾ കേരളത്തിലെ കർഷകജനതയും ഉണർന്നെഴുന്നേൽക്കേണ്ടതുണ്ട്. ഈ കർഷകമുന്നേറ്റത്തിന് നേതൃത്വം നല്കാൻ മത, രാഷ്ട്രീയ ഭേദമെന്യേ സകല കർഷകരെയും ഒന്നിപ്പിച്ചുനിർത്തുന്ന ഒരു സ്വതന്ത്രകർഷകസംഘടന എന്ന നിലയിൽ ഇൻഫാമിന് സാധിക്കും.

കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന വന്യമൃഗശല്യത്തിനെതിരേ ഇൻഫാം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിരന്തരമായി നല്കിയ നിവേദനങ്ങളുടെയും വിവിധതലങ്ങളിൽ നടത്തിയ ചർച്ചകളുടെയും ഫലമായി വിവിധ സ്ഥലങ്ങളിൽ സൗരോർജ്ജവേലികൾ, ആനമതിലുകൾ തുടങ്ങിയവ നിർമ്മിക്കാനാരംഭിക്കുകയും കാട്ടുപന്നികളെ വെടിവെയ്ക്കാനുള്ള ഉത്തരവുണ്ടാവുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇനിയും ഈ വിഷയത്തിൽ സർക്കാരുകൾ കർഷകപക്ഷത്തുനിന്നുകൊണ്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. അതിനുള്ള സമ്മർദ്ദം ഇൻഫാം തുടർന്നുകൊണ്ടാണിരിക്കുന്നത്.

നിരവധി കർഷകരെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ വന്യമൃഗസങ്കേതങ്ങൾക്ക് ചുറ്റും ബഫർസോൺ പ്രഖ്യാപിച്ച വിഷയത്തിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ കർഷക സംഘടനകൾ ചേർന്നു നടത്തിയ സമരങ്ങളും സമ്മർദ്ദങ്ങളും പുനർവിചിന്തനത്തിന് സർക്കാരിനെ പ്രേരിപ്പിച്ചു. നിശബ്ദരായിരുന്നാൽ കർഷകന്റെ ഭൂമി കയ്യേറുന്നതിനോ കുടിയിറക്കിവിടുന്നതിനോ ഒരു സർക്കാരുകളും മടിക്കില്ല എന്നതിന്റെ തെളിവാണ് ബഫർസോൺ വിഷയം. എന്നാൽ കർഷകൻ ഒന്നിച്ചുനിന്നാൽ കരിനിയമങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനാവുമെന്ന് ബഫർ സോൺ വിഷയത്തിലുള്ള ഇടപെടലുകളും ഡൽഹിയിലെ കർഷകസമരവും നമ്മെ ബോധ്യപ്പെടുത്തുകയാണ്.

ഇൻഫാം കുറേക്കാലമായി മുന്നോട്ടുവച്ചിട്ടുള്ള ആശയമായ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും മൂല്യവർദ്ധിത ഉൽപന്നങ്ങളായി കാർഷികവിഭവങ്ങളെ മാറ്റാനുള്ള സംരംഭങ്ങളും കേന്ദ്ര സർക്കാർ ഉത്തേജക പാക്കേജിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചത് ശുഭോദർക്കമായ കാര്യമാണ്. വിവിധ രൂപതകളുടെ നേതൃത്വത്തിൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കർഷകർക്കൊപ്പം നില്ക്കാനും അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനുമുള്ള ഇത്തരം സംരംഭങ്ങളെ ബഹുജനപിന്തുണ നല്കി പ്രോത്സാഹിപ്പിക്കുവാൻ ഇൻഫാം മുൻപന്തിയിലുണ്ടാകും.

കർഷക സംഘടനകളെ തളർത്തുകയും ഇല്ലാതാക്കുകയും ചെയ്യുക ഭരണകൂടങ്ങളുടെയും കോർപ്പറേറ്റ് മുതലാളിമാരുടെയും അജണ്ടയാണ്. കർഷകരെ ചൂഷണം ചെയ്ത് കീശവീർപ്പിക്കാനാഗ്രഹിക്കുന്നവർക്ക് എപ്പോഴും വിലങ്ങുതടിയായി നില്ക്കുന്നതും അവരുടെ കുടിലപദ്ധതികളെ തകർക്കുന്നതും കർഷകന്റെ സംഘടിതശക്തിയാണ്. കർഷകസംഘടനകൾ ദുർബലമാവുകയോ തകരുകയോ ചെയ്താൽ കർഷകർ അടിമകളാകാമെന്നും നിരാലംബരായിത്തീരുമെന്നതും ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ഇൻഫാം എന്ന കർഷക പ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതും ഊർജ്ജസ്വലമാക്കേണ്ടതും കാലത്തിന്റെ ആവശ്യമാണ്.

ജനുവരി 15-ാം തീയതി ഇൻഫാം കർഷകദിനമായി ആചരിക്കുകയാണ്. എല്ലാ രൂപതകളും ഇടവകകളും കർഷകദിനം സമുചിതമായി ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഏറ്റവും പ്രധാനമായി ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും യൂണിറ്റുകൾ ആരംഭിക്കുവാൻ രൂപതാ ഡയറക്ടർമാരും ഇടവക വികാരിമാരും മുൻകൈ എടുക്കണം. കർഷകദിനത്തോടനുബന്ധിച്ച് കാർഷികസെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, വെബിനാറുകൾ തുടങ്ങിയവ നടത്തണം. മാതൃകാ കർഷകരെ ആദരിക്കുവാനും പുതുതലമുറയെ കാർഷികവൃത്തിയിൽ പ്രോത്സാഹിപ്പിക്കുവാനും ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കണം.

കാർഷികവൃത്തിക്ക് പുതിയ ഉണർവും ഉന്മേഷവും നല്കുന്നപദ്ധതികൾ നടപ്പിലാക്കുകയും കർഷകന്റെ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്ന ബഹുജന സംഘടനയായി പ്രവർത്തിക്കുകയും ചെയ്യുന്ന ഇൻഫാമിനെ പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ ഉന്നമനത്തിനുവേണ്ടിയുള്ള വിവിധ പദ്ധതികൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്ന അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും ഇൻഫാം പ്രവർത്തകരെയും നേതാക്കളെയും നന്ദിയോടെ ഓർമ്മിക്കുന്നു. എല്ലാവർക്കും കർഷകദിനത്തിന്റെ ആശംസകൾ നേരുന്നു.

ആകാശത്തിലെ പറവകളെ തീറ്റിപ്പോറ്റുകയും വയലിലെ ലില്ലികളെ പരിപാലിക്കുകയും ചെയ്യുന്ന നല്ലവനായ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശിസ്സുകളോടെ,

**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2020 ജനുവരി 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.